വിശകലനം

●


ശിഹാബ് പൂക്കോട്ടൂർ

# സക്കറിയയും സഖാക്കളും ചില ജനാധിപത്യ വിചാരങ്ങളും

**"ഓരോ** അഭിപ്രായ പ്രകടനവും ഭൂരിപക്ഷത്തെ തലോടുമ്പോഴാണ് ജനാധിപത്യപരമാകുന്നത്." രാജ്യം ഭരിക്കുന്നവർ മുതൽ വാർഡ് ഭരിക്കുന്നവർ വരെ പ്രയോഗത്തിലാക്കുന്നത് ഈ കാഴ്ച്ചപ്പാടാണ്. സാധാരണ(Normal)മായതിനെയാണ് നമ്മൾ എപ്പോഴും സ്വീകരിക്കാൻ തയാറാവുന്നത്. അസാധാരണമായതിനെ(Abnormal) അയുക്തി ആരോപിച്ചു മാറ്റിനിർത്താനും വേണമെങ്കിൽ ബലം പ്രയോഗിച്ച് എടുത്തെറിയാനും ജനാധിപത്യസമൂഹം തയാറാവുന്നു. ഒരു വ്യക്തിയുടെ എഴുത്ത്, പ്രഭാഷണം എന്നിവ കൂടിനിൽക്കുന്നവരിൽ ഭൂരിഭാഗത്തിനും വായിക്കാവുന്ന അല്ലെങ്കിൽ മുഴുവൻ ആളുകൾക്കും ഇഷ്ടപ്പെടുന്നതായിരിക്കണം എന്നാണ് ഇതിന്റെ നേരായ വഴക്കം. വാക്കിനും വരക്കും കലഹിക്കാനും മാറ്റാനും ശക്തിയുണ്ടാകുന്നത് നിലനിൽക്കുന്ന വ്യവസ്ഥയോട് സർഗാത്മകമായി സംവദിക്കുമ്പോഴാണ്. അത്തരത്തിലുള്ള മാറ്റത്തിന്റെ ഒരു സാധ്യതയും അവശേഷിക്കാത്ത വിധം കുഴിച്ചുമൂടാൻ മൺവെട്ടിയുമായി പ്രകടനം നടത്തുന്നവരാണ് നമ്മുടെ മുഖ്യധാര രാഷ്ട്രീയ പാർട്ടികൾ. പയ്യന്നൂരിൽ സക്കറിയയുടെ പ്രസംഗം വിവാദത്തിലാകുന്നത് ഈ ജനാധിപത്യയുക്തിയിലൂടെ പരിണാമം സംഭവിച്ച ഭൂരിപക്ഷമൂല്യങ്ങളെ മാനിച്ചില്ല എന്ന കാരണം കൊണ്ടാണ്. കമ്യൂണിസ്റ്റ് നേതാക്കളുടെ ഒളിവുജീവിതത്തിലെ ചില ഏടുകൾ തുറന്നിടാനാണ് അദ്ദേഹം ആ സമയം വിനിയോഗിച്ചത്. ലൈംഗിക അരാജകത്വത്തിന്റെ ജീവിതകഥകൾ കേരളത്തിലെ ഒളിവിൽ താമസിച്ച സഖാക്കൾക്ക് മാത്രമല്ല, സാക്ഷാൽ കാൾമാർക്സിനും ചെഗുവേരക്കും ടിറ്റോക്കും സ്റ്റാലിനുമൊക്കെയുണ്ടായിരുന്നു. ജീവിക്കുന്നവരും ഒളിവിൽ താമസിക്കാത്തവരുമായ സഖാക്കൾക്കും പറയാനുള്ളത് മറ്റൊന്നല്ല. സക്കറിയ ന്യായീകരിച്ച ഉണ്ണിത്താൻ ഉദാര ലൈംഗികതയെ അംഗീകരിക്കുന്ന വ്യക്തിയല്ലെന്നു മാത്രമല്ല വളരെയധികം സദാചാരനാട്യം പുലർത്തുന്നയാളുമാണ്. സൂഫിയയെ കണ്ടിട്ടാണ് പിണറായി വിജയൻ മഅ്ദനിയുമായി കൂട്ടുകെട്ടുണ്ടാക്കിയതെന്ന വായിൽ കൊള്ളാത്ത അസഭ്യം ചാനലിലൂടെ ഛർദിച്ച 'വിശുദ്ധ ദേഹ'മാണ് ഉണ്ണിത്താൻ. അദ്ദേഹം പ്രതിനിധീകരിക്കുന്ന പാർട്ടിയും വരേണ്യ രാഷ്ട്രീയ മൂല്യങ്ങളുടെ കൂടാരമാണ്. എന്നാൽ പോലും നവലൈംഗിക വാദത്തിന്റെ വക്താവാണ് സക്കറിയ എന്ന് പറഞ്ഞൊഴിയുന്നതിനു പകരം ഇതിന്റെ കൃത്യമായ രാഷ്ട്രീയം നമുക്ക് പരിശോധിക്കേണ്ടിവരും.

പയ്യന്നൂരിലെ ചിത്രലേഖ എന്ന വനിതാ ഓട്ടോ ഡ്രൈവർക്കെതിരെ സി.ഐ.ടി.യുവിൽ ചേരാത്തതിന് പാർട്ടിക്കാർ ഓട്ടോ കത്തിച്ചതും ആക്രമണവും ബഹിഷ്കരണവും നടത്തിയതും, എസ്.ഐ.ഒ നടത്തിയ പ്രക്ഷോഭ യാത്രയെ ഭീകര

മായി പയ്യന്നൂരിൽ വെച്ച് എസ്.എഫ്.ഐ കൈകാര്യം ചെയ്തതും കൂട്ടിവായിക്കേണ്ടതുണ്ട്. തങ്ങൾക്കാധിപത്യമുള്ള സ്ഥലങ്ങളിൽ ആരാണ് എതിരഭിപ്രായം പറയുന്നതെന്ന വിഷലിപ്തമായ ആക്രോശങ്ങൾക്ക് ഇവിടെ സ്വീകാര്യത ലഭിച്ചുകൊണ്ടിരിക്കുന്നു. ഭൂരിപക്ഷത്തിന് ഹിതകരമല്ലാത്ത ജീവിതരീതി വെച്ച് പുലർത്തുന്നവരെ ഭീകരവാദികളും തീവ്രവാദികളുമാക്കുന്ന



രാഷ്ട്രീയം ഇവിടെ ആധിപത്യമുറപ്പിച്ചിരിക്കുകയാണ്. വർഗസമരത്തിന്റെ ആവശ്യകതയെക്കുറിച്ച് ജന്മിമാരുടെ മുന്നിൽ വീറോടെ വാദിച്ച് ജയിച്ചുകയറിയ ഒരു കാലഘട്ടത്തിൽ കമ്യൂണിസ്റ്റുകാരും ഈ യുക്തിയുടെ അടിസ്ഥാനത്തിലായിരുന്നു കൈകാര്യം ചെയ്യപ്പെട്ടിരുന്നത്. മർദനവും ഭ്രഷ്ടും തെറിയും ഏറ്റുവാങ്ങിയാണ് മാർക്സിസ്റ്റ് പാർട്ടിയും വളർന്നുവന്നത്. ലോകാടിസ്ഥാനത്തിൽ ജൂതരും ഈയർഥത്തിലായിരുന്നു ജീവിച്ചത്. നിന്ദിതരും പീഡിതരുമായിരുന്ന ജൂതന്മാരും കമ്യൂണിസ്റ്റുകാരും പിൽകാലത്ത് അവരുടെ അധികാര ജീവിതങ്ങൾ ആഘോഷിച്ചത്, പരനിന്ദയിലൂടെയും പീഡനത്തിലൂടെയുമാണ്. അനുഭവങ്ങളെ തെറ്റായി വായിച്ചെടുത്ത് ആ തെറ്റിനെ പ്രത്യയശാസ്ത്രപരമായ ബാധ്യതയായി അവർ മനസ്സിലാക്കിത്തുടങ്ങി. കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ അതിവേഗ തകർച്ചയിൽ ഈ അടിച്ചമർത്തൽ നയത്തിന് വലിയ പങ്കുണ്ടായിരുന്നു. പ്രഗത്ഭരായ ശാസ്ത്രജ്ഞരെ നാടുകടത്തിയും എഴുത്തുകാരെ തൂക്കിലേറ്റിയും മതസ്ഥാപനങ്ങളെ തച്ചുതകർത്തും അവർ നിലനിർത്തിയ ഏക പ്രത്യയശാസ്ത്രത്തിന്റെ അടിപതറിയത് മനുഷ്യ സ്വാതന്ത്ര്യത്തിന് അവർ കൽപിച്ച നിഷ്ഠുരമായ വിലക്കുകളിലൂടെയായിരുന്നു. മനുഷ്യന്റെ സ്വകാര്യസ്വത്ത് നിഷേധിച്ചത് പോലെ വികസനോന്മുഖമായ അവന്റെ ഇഛകളെയും ഏകീകരിക്കാനുള്ള സംഘർഷാത്മകമായ ശ്രമങ്ങളാണ് സോവിയറ്റ് യൂനിയന്റെയും കഥ കഴിച്ചത്.

ഇസ്‌ലാമിക രാജ്യങ്ങളിൽ ചില കാലയളവുകളിൽ ഏകാധിപത്യം നിലനിന്നപ്പോഴും അവർ നൽകിയ ആവിഷ്കാര സ്വാതന്ത്ര്യങ്ങളാണ് ആ രാജ്യങ്ങളുടെ വികാസത്തിന് വഴിവെച്ചത്. ആവിഷ്കാര സ്വാതന്ത്രത്തിന് വിലങ്ങു വെക്കാൻ തുടങ്ങിയ സന്ദർഭങ്ങളിൽ പ്രശോഭിതമായ അതിന്റെ ഏടുകളും അപത്യക്ഷമാവാൻ തുടങ്ങിയിരുന്നു. ഒരു പ്രത്യയശാസ്ത്രത്തിന്റെ ഈടുകൊണ്ടും കനംകൊണ്ടും മാത്രം അതിന് പിടിച്ചുനിൽക്കാൻ സാധിക്കുകയില്ലെന്നു മാത്രമല്ല, മനുഷ്യൻ ഇടപെടുന്ന സർവമേഖലകളിലും അതിന്റെ മുഴുവൻ സ്വാതന്ത്ര്യത്തോടെയും തലയുയർത്തിപ്പിടിക്കാൻ സാധിക്കുമ്പോൾ കൂടിയാണ് അതിന് നിലനിൽപ് സാധ്യമാവുന്നത്. അഭിപ്രായ പ്രകടനങ്ങൾക്ക് നേരെ സമൂഹം അസാധാരണമാം വിധം ജാഗ്രതപുലർത്തുമ്പോൾ സംഭവിക്കുന്നത് ഫാഷിസത്തിന്റെ വളർച്ച തന്നെയാണ്. സക്കറിയയുടെ അഭിപ്രായ പ്രകടനങ്ങൾ സി.പി.എമ്മിന് ഇഷ്ടകരമായില്ലെന്നതിനെയും അവർ നേരിട്ടത് ജനാധിപ

തൃമെന്ന ഭൂരിപക്ഷത്തിന്റെ വ്യവഹാരത്തിലൂടെയാണ്. നമ്മുടെ ഡെമോക്രസിയും ഏകാധിപത്യവും തമ്മിലെ അത്ഭുതകരമാംവിധമുള്ള ചേർച്ചകളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഞങ്ങളല്ല, നാട്ടുകാരാണ് അദ്ദേഹത്തെ കൈകാര്യം ചെയ്തതെന്ന ന്യായത്തിലും ഈ ബോധം പ്രവർത്തിക്കുന്നുണ്ട്. പക്ഷേ കേരളത്തിന്റെ അധികം ദൂരമില്ലാത്ത ചരിത്രത്തിലും വർത്തമാനകാലത്തെ കലാലയങ്ങളിലും ഇടതുപക്ഷം പുലർത്തുന്ന ജനാധിപത്യ ജാഗ്രതയും സംവാദാത്മക തിളക്കവും സംശയിക്കപ്പെടേണ്ടതാണ്. 'ഞങ്ങൾ ആരെയും തടയുന്നില്ല' എന്ന് സായൂജ്യമടയുന്ന ഡിഫിക്കാരും എസ്.എഫ്.ഐക്കാരും പലപ്പോഴും സമഗ്രാധിപത്യ പ്രവണതകളുടെ ബീഭത്സ മുഖം പുറത്തെടുക്കുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ മാത്രമാണ് ഹിംസയുടെയും ആക്രമണങ്ങളുടെയും സംഭവങ്ങളുള്ളതെന്ന് ഇതിനർഥമില്ല. കോൺഗ്രസ്സും കമ്യൂണിസ്റ്റ്, സിഖ്, മുസ്‌ലിം വിരുദ്ധതയിലൂടെ ബി.ജെ.പിയുമൊക്കെ അവരുടെ അസഹിഷ്ണുതയും ഏകാധിപത്യ പ്രവണതകളും പ്രകടിപ്പിക്കാറുണ്ട്. പുരോഗമനമെന്നും നവോത്ഥാനമെന്നും പറയുമ്പോൾ അതിലടങ്ങിയിരിക്കുന്ന സർഗാത്മക ജനാധിപത്യവിരുദ്ധവികാരങ്ങളെ മറ്റുള്ളവയിൽനിന്നും വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട് എന്നർഥം. അപ്പോൾ നമ്മുടെ ജനാധിപത്യമെന്ന വ്യവഹാരത്തിനു മാത്രമല്ല 'പുരോഗമനം', 'നവോത്ഥാനം' എന്നീ പദങ്ങൾക്കും ചില നിക്ഷിപ്ത താൽപര്യങ്ങളുണ്ടെന്ന് നാം സമ്മതിക്കേണ്ടിവരും.

വ്യാജവാദങ്ങളും വ്യാജപരിവേഷങ്ങളും ഫാഷിസ്റ്റ് പ്രചാരണത്തിന്റെ പൊതുസവിശേഷതകളാണ്. ചില പ്രത്യേക വിഭാഗങ്ങളെയും അഭിപ്രായപ്രകടനങ്ങളെയും ചൂണ്ടിക്കാട്ടി വിഭ്രാന്തിജനിപ്പിക്കൽ ഇതിന്റെ ഭാഗമാണ്. ജനാധിപത്യത്തിന്റെ കിടപ്പറയിൽ തന്നെയാണ് ഫാഷിസം മണിയറയൊരുക്കുന്നത്. ജനാധിപത്യത്തിനുണ്ടെന്ന് പറയപ്പെടുന്ന സവിശേഷമായ വൈവിധ്യങ്ങളെ ഉപയോഗപ്പെടുത്തി വളർന്ന് പന്തലിച്ച്, മസിൽപവറും കുറുവടിയും സൈക്കിൾചെയിനും ഉപയോഗിച്ച് മേധാവിത്വം നിലനിർത്താനാണ് എല്ലാ സമഗ്രാധിപത്യ രാഷ്ട്രീയസംഘടനകളും ശ്രമിച്ചിട്ടുള്ളത്. മുസോളിനിയും ഹിറ്റ്ലറും മോഡിയും ജനാധിപത്യത്തിന് പുറത്ത് കുടിൽകെട്ടി കാത്തിരുന്നവരായിരുന്നില്ല. സാംസ്കാരിക വൈവിധ്യങ്ങളെ അംഗീകരിക്കാനും ഉയർന്ന ബൗദ്ധിക സംവാദങ്ങളെ ആദരിക്കാനും കഴിയാത്ത ഏത് സംഘടനയും അധികം ദൂരം സഞ്ചരിക്കാൻ കിതക്കേണ്ടി വരും.

കേരളത്തിലെ കലാലയങ്ങളിൽ എസ്.ഐ.ഒ അടക്കമുള്ള വിദ്യാർഥി കൂട്ടായ്മകളോട് ഇടതുപക്ഷ വിദ്യാർഥി സംഘടന പുലർത്തുന്ന സമീപനവും ഇതിൽനിന്ന് വ്യത്യസ്തമല്ല. വലതുപക്ഷം, പിന്തിരിപ്പൻ, വർഗീയം എന്നിങ്ങനെ തരം തിരിച്ച് അന്യവൽക്കരണം നടത്തി തങ്ങളുടെ 'കോളർപിടിക്കൽ' യജ്ഞത്തിന് മാറ്റുകൂട്ടുന്നവർ ചെരിഞ്ഞ് കിടന്ന് വിശ്രമിക്കുന്നത് സർഗാത്മകതയുടെ അന്തരീക്ഷം വിളഞ്ഞ് നിന്ന പ്രക്ഷുബ്ധ യൗവനത്തിന്റെ മടിത്തട്ടിലല്ല; പുരോഗമനഭീകരതയുടെ മാറിലാണ്. മതം പൊതുപ്രശ്നങ്ങളിലും പൊതുസമൂഹത്തിലും ഇടപെടാൻ പാടില്ലെന്ന പുരോഗമനയുക്തി എത്രമേൽ മുസ്‌ലിം/ കീഴാളവിരുദ്ധമാണെന്ന് തിരിച്ചറിയപ്പെടേണ്ടതുണ്ട്. മതത്തിന് ചരിത്രഘട്ടത്തിൽ സംഭവിച്ച വികാസങ്ങൾക്ക് നേരെ കണ്ണടച്ച് മതത്തിന് സാധ്യമാകുന്ന ഒരു ജനാധിപത്യ ക്രമത്തെ വീണ്ടെടുക്കാനുള്ള എസ്.ഐ.ഒവിന്റെ ശ്രമങ്ങളെ അതിനിഷ്ഠുരമായ രീതിയിലായിരുന്നു ഇടതുപക്ഷ വിദ്യാർഥി സംഘടന കൈകാര്യം ചെയ്തത്. ജനാധിപത്യ സമൂഹത്തിൽ സ്ഥാപിതമാവേണ്ട സംവാദാത്മകവും സർഗാത്മകവുമായ ഒരിടത്തെ സൃഷ്ടിക്കാനുള്ള ശ്രമങ്ങളെ പുരോ

ഗമന സോഷ്യലിസ്റ്റ് വ്യവഹാരങ്ങൾ കൈകാര്യം ചെയ്തത് ഫാഷിസ്റ്റ് ദംഷ്ട്ര കളിലൂടെയാണ്. പൊതുമണ്ഡലത്തെ അശുദ്ധമാക്കുന്ന മതം ഏതാണെന്ന പ്രഖ്യാപനം കൂടിയാണ് ഇതിലൂടെ നിർവഹിക്കപ്പെടുന്നത്.

ഏകാധിപത്യപ്രവണതകളെ നിലനിർത്തുന്നത് കൈകരുത്ത് മാത്രമാണ്. പ്രത്യയശാസ്ത്രപരമായ ദൗർബല്യമാണ് ഈ അനാവശ്യമായ കൈകരുത്തിന് അവരെ പ്രേരിപ്പിക്കുന്നത്. മതമെന്നാൽ വർഗീയം, മതേതരമെന്നാൽ വിശുദ്ധം എന്ന മുൻവിധിയാണ് എസ്.എഫ്.ഐ പോലുള്ള സംഘടനകളുടെ ഭീകരതയെ ലാഘവത്തോടെ കഴുകിക്കളയാൻ സാഹചര്യമൊരുക്കുന്നത്. കാമ്പസുകളിൽ എസ്.ഐ.ഒ ഉയർത്തിയ മനുഷ്യാവകാശ പ്രശ്നങ്ങളോട്, ആവിഷ്കാര സ്വാതന്ത്ര്യത്തിന് കഴുമരമൊരുക്കിയായിരുന്നു അവർ പ്രതികരിച്ചത്. 'ഗ്വാണ്ടനാമോ അടച്ചുപൂട്ടുക' എന്ന പ്രമേയവുമായി അന്തർദേശീയ മനുഷ്യാവകാശ പോരാട്ടങ്ങളോട് എസ്.ഐ.ഒ ഐക്യദാർഢ്യം നടത്തിയപ്പോൾ അതിനെതിരെ മസിൽപവറും പട്ടികക്കഷ്ണവും കുറുവടിയും ഉപയോഗിച്ച് കേരളത്തിലെ കലാലയങ്ങളെ അബൂഗുറൈബും ഗ്വാണ്ടനാമോകളുമാക്കി മാറ്റിത്തീർക്കാനാണ് ജനാധിപത്യ മതേതര, സോഷ്യലിസ്റ്റ് പിൻബലമുള്ളവർ ശ്രമിച്ചത്. ഹിരോഷിമ, നാഗസാക്കി ഐക്യദാർഢ്യപരിപാടികൾ വരെ കൈകരുത്തുകൊണ്ട് നേരിട്ട് സി.ഐ.ടി.യുവും ഡി.വൈ.എഫ്.ഐയും ഹിരോഷിമയും നാഗസാക്കിയും സൃഷ്ടിച്ചവരുടെ കൂടെ നിൽക്കാനാണ് താൽപര്യപ്പെടുന്നത്. സയണിസത്തിന്റെ ടാങ്കുകൾ ഫലസ്തീനിലെ പിഞ്ചുകുഞ്ഞുങ്ങളുടെ നെഞ്ചകം പിളർത്തി മുന്നേറുമ്പോൾ ലോകം മുഴുവൻ കത്തി നിൽക്കുന്ന ഫ്രീ ഗാസ പ്രതിഷേധ പ്രകടനങ്ങൾ, തീക്ഷ്ണമായ സമരങ്ങൾ എന്നിവയോടനുബന്ധിച്ച് കാമ്പസുകളിൽ 'ഫ്രീ ഗാസാ' വാരമാചരിച്ചപ്പോൾ അതിന്റെ പ്രകടനങ്ങൾ കണ്ണുരുട്ടി തടയാനും പോസ്റ്ററുകളും ബാനറുകളും കീറിയെറിഞ്ഞ് 'സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം സിന്ദാബാദ്' എന്നൊക്കൊ മുദ്രാവാക്യം വിളിക്കാനും തയാറായത് ആരായിരുന്നു?



*സക്കറിയ*

എസ്.ഐ.ഒ–എസ്.എഫ്.ഐ സംഘർഷത്തിന്റെ പൊതുതലം ജനാധിപത്യ സംരക്ഷണവുമായി ബന്ധപ്പെട്ട സമരങ്ങളാണ്. ഗ്വാണ്ടനാമോ അടച്ച് പൂട്ടുക, ഫ്രീഗാസ, ഹിരോഷിമ–നാഗസാക്കി, ഫ്രീ ബിനായക് സെൻ, പ്രതിഷേധ പരിപാടികൾ തുടങ്ങിയ മനുഷ്യാവകാശ പ്രശ്നങ്ങളിലും ജനാധിപത്യ സ്വാതന്ത്ര്യ സംഘർഷങ്ങളിലും എസ്.ഐ.ഒ വ്യക്തമായ നിലപാടെടുത്തപ്പോൾ മറുചേരിയിൽ അണിനിരന്നത് എസ്.എഫ്.ഐ ആയിരുന്നു. സ്വാശ്രയ വിദ്യാഭ്യാസസമരമാണ് കുട്ടിസഖാക്കളുടെ പുന്നപ്രയും വയലാറും. ഈ സമരങ്ങളിൽ ചോരയൊഴിക്കിയവരിൽ മുഴുവൻ പിന്നാക്ക ദലിത് വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികളായിരുന്നു. കേളികേട്ട സ്വാശ്രയ സമരത്തിൽ പങ്കെടുത്ത ദലിതരല്ലാത്ത വിദ്യാർഥികൾ എത്രയാണ്? സംഘടനക്ക്

വേണ്ടി വെയിലും മഴയും കൊണ്ട് പ്രവർത്തിച്ചവരും അടിയും ഇടിയും ഏറ്റവരും പിന്നീട് സംഘടനയുടെ ഭാഗമായി നിന്നില്ല. അവർ എസ്.എഫ്.ഐ വിരുദ്ധപക്ഷത്ത് നിൽക്കുകയും ചെയ്തു. ഇത് എന്തുകൊണ്ടായിരുന്നു? അവരുടെ അഭിപ്രായപ്രകടനങ്ങളെ എങ്ങനെയാണ് സി.പി.എം അടക്കമുള്ള സംഘടനകൾ കൈകാര്യം ചെയ്യുന്നത്? കൂടെ ചേരാത്തവരെ കായികമായി നേരിടുകയെന്ന മനോഭാവമാണ് പുരോഗമനവ്യവഹാരത്തിന്റെ പേറ്റന്റെടുത്തവരിലും ഉള്ളടങ്ങിയിട്ടുള്ളത്. എതിർ നോമിനേഷനുകളെ, സ്ഥാനാർഥികളെ, നിറം മാറിയ കൊടികെട്ടുന്നവരെ, തങ്ങളുടേതല്ലാത്ത ആശയം പ്രകടിപ്പിക്കുന്നവരെ, എതിരഭിപ്രായം പറയുന്നവരെ, വ്യത്യസ്ത പോസ്റ്ററൊട്ടിക്കുന്നവരെ ക്വട്ടേഷനടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നവരാണ് ആധുനിക ജനാധിപത്യ സോഷ്യലിസ്റ്റ് വാദികൾ! സമരത്തിന്റെ ധാർമികത അധികാരമാണ് നിശ്ചയിക്കുന്നതെന്ന ഫ്യൂഡൽ പ്രവണത തന്നെയാണ് ഇടതുപാർട്ടികളുടെയും പ്രത്യയശാസ്ത്രമായി വർത്തിക്കുന്നത്. സക്കറിയക്ക് കിട്ടിയ അടി നാട്ടുകാർ കൊടുത്തതാണെന്ന് ആയിരം വേദികളിൽ ആയിരം സഖാക്കൾ ഒന്നിച്ചിരുന്ന് പറഞ്ഞാൽ വിശ്വസിക്കാൻ ആരെ കിട്ടിയാലും കേരളത്തിലെ കാമ്പസുകളിൽനിന്ന് ഒരാളെയും കിട്ടുകയില്ല. സക്കറിയക്ക് ലഭിച്ച മർദനത്തിന്റെ സമയത്തെങ്കിലും ജനാധിപത്യത്തെക്കുറിച്ചും പുരോഗമന നവോത്ഥാന ജാടകളെക്കുറിച്ചും അൽപം വിസ്തരിച്ചെഴുതാൻ നമ്മുടെ സാംസ്കാരിക ബുജികൾ തയാറാവണം. പാർട്ടിയുടെ ഹുങ്കിന്റെയും മുഷ്കിന്റെയും വീരഗാഥകളാണ് കേരളചരിത്രമെന്ന മിഥ്യയിൽ അഭിരമിച്ചിരുന്നാൽ പയ്യന്നൂര് വീണ്ടും ആവർത്തിക്കപ്പെടും. ■

shihabpktrsio@gmail.com